ടൗൺ ടു ടൗൺ ബസ്സിന് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

173 [630] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് റോഡിൽ കുന്ദമംഗലത്തിനും കൊടുവള്ളിക്കുമിടയിൽ പടനിലത്ത് ടൗൺ ടു ടൗൺ ബസ്സിന് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ എം.എൽ.എ.-മാരുടേയും കെ.എസ്.ആർ.ടി.സി. ഉന്നത ഉദ്യോഗസ്ഥരുടേയും യോഗത്തിൽവച്ച് ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരവ് നടപ്പിലാക്കാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഉത്തരവ് എന്ന് നടപ്പിലാക്കുമെന്നും പടനിലത്ത് ടൗൺ ടു ടൗൺ ബസ്സ് എന്ന് മുതൽ നിർത്തി തുടങ്ങുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ബന്ധപ്പെട്ട എം.എൽ.എ.-മാർ ആവശ്യപ്പെട്ടതനുസരിച്ച് താഴെ പറയുന്ന റൂട്ടുകളിൽ പുതിയ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട് :

1. കോഴിക്കോട്-പായിബ്ര (വഴി) കാരന്നൂർ..
2. കോഴിക്കോട്-പെരുമണ്ണ (വഴി) പാലാഴി.
3. കോഴിക്കോട്-രാമനാട്ടുകര (വഴി) പാലാഴി.

(ഡി) ബസ്സിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തെ വാഹനാപകടങ്ങൾ

174 [631] ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001-നുശേഷം പ്രതിവർഷം എത്ര വാഹന അപകടങ്ങൾ ഉണ്ടായിയെന്നും മരണമടഞ്ഞവരും പരിക്കേറ്റവരും എത്രയെന്നും ജില്ല തിരിച്ച് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly